പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 843 — 02/12/2015 -ൽ മറുപടിയ്ക്ക്

**ക്ഷേത്രനടയിൽ സമർപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ മുതൽകൂട്ട് രീതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പ് മന്ത്രി. |
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന വിവിധ ഉത്പന്നങ്ങൾ ലേലം വഴിയോ മറ്റ് ഏതെങ്കിലും നടപടികളിലൂടെയോ ആണോ മുതൽ കൂട്ടുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇതിനായി സ്വീകരിക്കുന്ന നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന ശർക്കര, പഞ്ചസാര എന്നിവ ക്ഷേത്രത്തിലെ നിത്യനിദാനത്തിന് ആവശ്യമെങ്കിൽ ആയവസ്തു ഡിപ്പാർട്ടുമെൻറ് നിശ്ചയിച്ചിട്ടുള്ള റേറ്റ് കണക്കാക്കി തുക എഴുതി ഒടുക്കുവരുത്തി ആയവ ഉപയോഗിക്കുവാൻ ചുമതലക്കാർക്ക് നിർദ്ദേശം നൽകി ഉത്തരവ് നൽകാറുണ്ട്. മറ്റുള്ള വകകൾ ലേലം ചെയ്ത് ദേവസ്വം ഫണ്ടിൽ മുതൽകൂട്ടുകയാണ് ചെയ്ത് വരുന്നത്. നടവരവായി ലഭിക്കുന്ന സാധനങ്ങൾക്ക് ക്രമ പ്രകാരം രസീത് നൽകുകയും, അവയിൽ സൂക്ഷിച്ചുവയ്ക്കുവാൻ കഴിയാത്തവ അന്ന് തന്നെ സബ് ഗ്രൂപ്പാഫീസർ ലേലം ചെയ്യുകയും, തുക ദേവസ്വം ഫണ്ടിൽ ഒടുക്കുവരുത്തുകയും, മറ്റുള്ളവയുടെ വിവരം അസിസ്റ്റൻറ് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്ത് നിശ്ചിത ഇടവേളകളിൽ ലേല ഡയറി പ്രകാരം ലേലം ചെയ്ത് മുതൽ കൂട്ടുകയുമാണ് ചെയ്തു വരുന്നത്. |
| സി) ലേലത്തിനും മറ്റും പൊതുജനങ്ങൾക്ക് ഏതുരീതിയിലാണ് പങ്കെടുക്കുവാൻ കഴിയുന്നതെന്നും ലഭിച്ച ഉൽപന്നങ്ങളെ സംബന്ധിച്ചുള്ള വിവരണം ഏതു രീതിയിലാണ് പരസ്യപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ;<br><br>ഡി) മേൽ നടപടികൾ സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ആരെയാണ് അറിയിക്കേണ്ടതെന്നും ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ക്ഷേത്രങ്ങളിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ? | സി) & ഡി) ലേല പരസ്യം പൊതുജനങ്ങൾക്ക് കാണത്തക്ക വിധം പ്രസിദ്ധപ്പെടുത്തുകയും, ഒരു കോപ്പിയിൽ ലേലത്തിൽ പങ്കെടുത്തവരെയെല്ലാം കൊണ്ട് ഒപ്പിടുവിക്കുകയും ചെയ്യുവരുന്നു. ഇതു സംബന്ധിച്ചുള്ള പരാതികളും അഭിപ്രായ ങ്ങളും ബന്ധപ്പെട്ട അസിസ്റ്റൻറ് കമ്മീഷണറെ അറിയിക്കാവുന്നതാണ്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതാത് സമയത്തെ ലേല വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ